**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.170 — 26-02-2018 ൽ മറുപടിയ്ക്ക്

## ബഹുനില കെട്ടിടങ്ങളുടെ സുരക്ഷ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മോൻസ് ജോസഫ്**<br>**ശ്രീ.പി.ജെ.ജോസഫ്**<br>**ശ്രീ.റോഷി അഗസ്റ്റിൻ**<br>**ഡോ.എൻ.ജയരാജ്** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) | സംസ്ഥാനത്തെ ബഹുനില കെട്ടിടങ്ങൾ അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ; | എ) | കെ.എം.ബി.ആർ / കെ.പി.ബി.ആർ നിയമം അനുസരിച്ചുള്ള സുരക്ഷ മാനദണ്ഡങ്ങൾ പാലിക്കാറുണ്ട്. |
| ബി) | ബഹുനിലകെട്ടിടങ്ങൾക്ക് സുരക്ഷാ പെർമിറ്റ് വാങ്ങിയ ശേഷം നിർമ്മാണ ഘട്ടത്തിൽ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; | ബി) | നിർമ്മാണ ഘട്ടത്തിലെ സുരക്ഷാ സംവിധാനങ്ങൾ സംബന്ധിച്ച പരിശോധന ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പുമായി ബന്ധപ്പെട്ടുള്ളതല്ല. കെട്ടിട നിർമ്മാണത്തിന് മുമ്പ്ടി കെട്ടിടത്തിൽ ഏർപ്പെടുത്തേണ്ട അഗ്നിസുരക്ഷ സംവിധാനങ്ങൾ സംബന്ധിച്ച് വിശദമായി പരിശോധിച്ച ശേഷം തൃപ്തികരമെങ്കിൽ ഫയർ സേഫ്റ്റി ക്ലിയറൻസ് ഫോർ സൈറ്റും കെട്ടിട നിർമ്മാണത്തിന് ശേഷം അവ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച ശേഷം തൃപ്തികരമെങ്കിൽ സർട്ടിഫിക്കേറ്റ് ഓഫ് അപ്രൂവലും നൽകിവരുന്നുണ്ട്. |
| സി) | സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത കെട്ടിടങ്ങളുടെ പേരിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച വരുന്നത് ; | സി) | എല്ലാ വർഷവും സുരക്ഷാ പരിശോധന നടത്തി തൃപ്തികരമെങ്കിൽ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ പുതുക്കി നൽകാറുണ്ട്. അവ പാലിക്കാത്ത കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കാറുണ്ട്. |

| | | | |
|---|---|---|---|
| ഡി) | അഗ്നി സുരക്ഷാ പെർമിറ്റ് കരസ്ഥമാക്കിയ കെട്ടിടങ്ങൾ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഒക്കുപ്പൻസി കരസ്ഥമാക്കുമ്പോൾ ത്തന്നെ ഇവിടെ പരിശോധന നടത്തി മതിയായ ക്രമീകരണങ്ങൾ വരുത്തുന്നതിന് വകുപ്പ് തലത്തിൽ നടപടി കൈക്കൊള്ളുമോ; വിശദമാക്കാമോ? | ഡി) | കെട്ടിട നിർമ്മാണത്തിന് മുമ്പ് തന്നെ ടി കെട്ടിടത്തിൽ ഏർപ്പെടുത്തേണ്ട അഗ്നിസുരക്ഷാ സംവിധാനങ്ങൾ സംബന്ധിച്ച വിശദമായ പരിശോധന നടത്തിയശേഷം തൃപ്തികരമെങ്കിൽ മാത്രമേ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ ഫോർ സൈറ്റ് നൽകാറുള്ളൂ. കെട്ടിട നിർമ്മാണത്തിന് ശേഷം അവ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച ശേഷം തൃപ്തികരമെങ്കിൽ മാത്രമേ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ നൽകാറുള്ളൂ. എല്ലാ വർഷവും ടി കെട്ടിടങ്ങളിൽ സുരക്ഷാ പരിശോധന നടത്തി തൃപ്തികരമെങ്കിൽ എൻ.ഒ.സി പുതുക്കി നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ